സിജി -3 യുടെ ആഭിമുഖ്യത്തിൽ  സഭ്യത, മാന്യത , മര്യാദ -പൊതുപ്രവർത്തനത്തിൽ എന്ന ആദ്യത്തെ മലയാളം വെബിനാർ ഒക്ടോബർ 02 -നു   നടന്നു . സരളവും എന്നാൽ ഗൗരവമേറിയ ചർച്ചകൾക്കു ഇന്നത്തെ സാഹചര്യത്തിൽ വഴിവാക്കേണ്ടതുമായ പ്രസ്തുത വിഷയത്തെ കുറിച്ചു സംസാരിക്കാൻ ഇന്നത്തെ പൊതുമണ്ഡലത്തിൽ ഏറ്റവും യോഗ്യരായവർ തന്നെ പ്രഭാഷകർ ആയി ലഭിച്ചു എന്നത് പ്രസ്തുത വെബിനറിനു മാറ്റേകി. ബഹു. എം പി .ശ്രീ പി രാജീവ് , മുൻ പിഎസ് സി ചെയര്മാന് ശ്രീ കെ സ് രാധാകൃഷ്ണ ൻ, എം എൽ എ ശ്രീ വി ഡി സതീശൻ എന്നിവർ തങ്ങളുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ വിഷയത്തെ കുറിച്ച് സംസാരിച്ചു.

സി ജി 3 യുടെ മെന്ററും പ്രമുഖ സീനിയർ അഭിഭാഷകനു മായ ശ്രീ കൈലാസനാഥ പിള്ള വെബിനറിനു സ്വാഗതം പറയുകയും വിഷയത്തിന്റെ  കാലിക  പ്രധാന്യത്തെ  കുറിച്ചും സി ജി 3 യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ
കുറിച്ചും സംസാരിച്ചു.

സുപ്രീം കോടതിയിലെ മുൻ ന്യായാധിപനും കേരളത്തിലെ ഇപ്പോഴത്തെ ഉപലോകായുക്തയുമായ ജസ്റ്റിസ് ശ്രീ സിറിയക്  ജോസഫ് അവർകൾ തന്റെ അധ്യക്ഷ പ്രഭാഷണത്തിൽ സഭ്യത, മാന്യത, മര്യാദ എന്നീ ഗുണങ്ങളുടെ ഉത്പത്തിയെ കുറിച്ചും ആയതിന്റെ ഭരണഘടനാ അടിസ്ഥാന തത്വങ്ങളെ സംബന്ധിച്ചും പ്രതിപാദിച്ചു .സഭ്യതയുടെ അതിർവരമ്പുകളുടെ നഗ്നമായ ലംഘനം ചില കാലിക സംഭവവികാസങ്ങളെ  ഉദ്ധരിച്ചു അദ്ദേഹം  ചൂണ്ടിക്കാട്ടി.

സഭ്യത മാന്യത മര്യാദ എന്നീ പദങ്ങൾ വ്യത്യസ്തമെങ്കിലും പരസ്പര പൂരകങ്ങൾ ആണെന്നും ഒരു വിഷയത്തിന്റെ ഗൗരവവും അതിന്റെ പ്രാധാന്യവും ഒട്ടും ചോരാതെ സഭ്യമായ വാക്കുകളിലൂടെ തീവ്രമായി അവതരിപ്പിക്കാൻ കഴിയുമെന്നും എന്നാൽ ആശയ ദാരിദ്ര്യം ഭാഷയെ ചിലപ്പോഴെങ്കിലും അത് മറക്കാനുള്ള ആയുധമായി ഉപയോഗിക്കുന്നവർ നമുക്കിടയിലുണ്ടെന്നും    സഭ്യവും മാന്യവുമായ ഭാഷയും പ്രവർത്തികളും നാം പൊതുമണ്ഡലത്തിൽ പ്രവൃത്തികമാക്കാൻ നമ്മുടെ പൂർവസൂരി കളായ മഹാത്മാ ഗാന്ധിയെയും ജവാഹർലാൽ നെഹ്രുനെയും പോലുള്ള നേതാക്കളിൽ നിന്ന് പഠിക്കണമെന്നും ശ്രീ  വി ഡി സതീശൻ അഭിപ്രായപ്പെട്ടു.

സമൂഹത്തിലെ മൂല്യ ച്യുതി തന്നെയാണ് ഇത്തരം ഒരവസ്ഥയ്ക്കു കാരണമെന്നും സഭ്യത, മാന്യത മര്യാദ എന്നീ ഗുണങ്ങൾ ഭാരതീയ പാരമ്പര്യ ത്തിൽ അധിഷ്ഠിതമായിട്ടു ള്ളതാണെന്നും ആയത് പൊതുപ്രവർത്തകർ ജീവിതത്തിൽ പകർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ശ്രീ കെ എസ് രാധകൃഷ്ണൻ അഭിപ്രായപ്പെട്ടു .

ആദരവോടുകൂടി വിയോജിക്കുക എന്നതാണ് പാർലമെൻററി മര്യാദകളുടെ   അന്തസത്തയെന്നും സഭ്യത, മാന്യത,മര്യാദ എന്നീ പദങ്ങൾ തികച്ചും  ആപേക്ഷികങ്ങൾ ആണെന്നും അവ ജൻഡർ, ക്ലാസ് , കാസ്റ്റ് എന്നിവയനുസരിച്  വ്യത്യസ്തപ്പെട്ടിരിക്കുന്നു വെന്നും ശ്രീ രാജീവ് അഭിപ്രായപ്പെ ട്ടു.മനുഷ്യൻ നിരന്തരം നവീകരിക്കപ്പെടുന്നുവെങ്കിലും ചിലസമയങ്ങളിൽ അത്തരം സഭ്യത കാത്തുസൂക്ഷി ക്കാൻ അവനു കഴിയുന്നില്ലെന്നും, വിയോജിപ്പുകൾ രേഖപ്പെടുത്തുവാൻ പോലും തയ്യാറല്ലാത്ത ഒരു വ്യവസ്ഥിതിയിൽ സമൂഹത്തിൽ നിന്നും സഭ്യതയും മാന്യതയും പ്രതീക്ഷിക്കാനാ വില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോ, ഹിന്ദുസ്ഥാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഡയറക്ടറും ഡീനുമായ ഡോ: കെ എൽ മണി വെബ്ബിനാർ മോഡറേറ്റ് ചെയ്യുകയും സുപ്രീം കോടതിയിൽ അഭിഭാഷകനായ ശ്രീ ഗിരീഷ് കുമാർ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.